മൊബൈൽ ദന്തൽ ക്ലിനിക്കുകൾ

13 (6718) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊബൈൽ ദന്തൽ ക്ലിനിക്കുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ക്ലിനിക്കുകൾ മുഖേന എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത ക്ലിനിക്കുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ ദന്തൽ കോളേജുകളിൽ മൊബൈൽ ദന്തൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയോട് അനുബന്ധിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

(ബി-ഡി) ഈ മൊബൈൽ ദന്തൽ ക്ലിനിക്കുകൾ വഴി കേടായ പല്ലെടുക്കുക, അടയ്ക്കുക, ക്ലീൻ ചെയ്യുക എന്നീ സേവനങ്ങളാണ് നൽകിവരുന്നത്. സന്നദ്ധ സംഘടനകൾ, ആതുരാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, ഭിന്നശേഷിയുള്ളവർ വസിക്കുന്ന മന്ദിരങ്ങൾ മറ്റു സാമൂഹികപ്രസക്തമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആവശ്യകതയനുസരിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് ആവശ്യമായ ചികിത്സകൾ നൽകിവരുന്നു. അതോടൊപ്പം ദന്താരോഗ്യ ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്.

കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷണം

14 (6719) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സി.എച്ച്.സി./താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് എന്തൊക്കെ ഭക്ഷണങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly